# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യ വകുപ്പ് - സാധുഭവനങ്ങൾ - യാചകകേന്ദ്രങ്ങൾ - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള ധനസഹായം - 2015-16 വർഷത്തെ ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.1249/ 2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 15.03.2016.

പരാമർശം:-നഗരകാര്യ ഡയറക്ടറുടെ 09.02.2016-ലെ ഡിസി3-14421/2015 നമ്പർ കത്ത്.

## ഉത്തരവ്

1963-ലെ കേരള മുനിസിപ്പാലിറ്റി (പേയ്മെന്റ് ഓഫ് സ്പെസിഫിക് പർപ്പസ് ഗ്രാന്റ് ഇൻ എയ്ഡ്) റൂൾസ് (3) ൽ പറഞ്ഞിരിക്കുന്ന സേവനങ്ങളായ സാധുഭവനങ്ങൾ, യാചക കേന്ദ്രങ്ങൾ എന്നിവയുടെ മൂലധന ആസ്തികളുടെ രൂപീകരണത്തിനായി 2015-16 സാമ്പത്തിക വർഷം "2235-02-104-93 നോൺ പ്ലാൻ'' എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 21,30,000/- രൂപ അനുവദിച്ച് നല്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത് പ്രകാരം കൊച്ചി ,തൃപ്പൂണിത്തുറ,പാല ,കോട്ടയം ,തൃശ്ശൂർ ,അടൂർ,ഗുരുവായൂർ എന്നീ നഗരസഭകൾക്ക് 2015-16 വർഷത്തെ മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള ഗ്രാന്റായി യഥാക്രമം 7,96,782/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ആറ് ആയിരത്തി എഴുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) 6,46,652/- (ആറ് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി അറുന്നൂറ്റി അൻപത്തി രണ്ട് രൂപ മാത്രം) 83,921/- (എൺപത്തി മൂവായിരത്തി തൊള്ളായിരത്തി ഇരുപത്തി ഒന്ന് രൂപ മാത്രം) 47,055/-( നാൽപ്പത്തി ഏഴായിരത്തി അൻപത്തി അഞ്ച് രൂപ മാത്രം) 2,10,843/-(രണ്ട് ലക്ഷത്തി പതിനായിരത്തി എണ്ണൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം )1,43,337/-(ഒരു ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി മുന്നൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം ) 2,01,411/- (രണ്ട് ലക്ഷത്തി ആയിരത്തി നാന്നൂറ്റി പതിനൊന്ന് രൂപ മാത്രം ) "2235-02-104-93-നോൺ പ്ലാൻ'' എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവിൻ പ്രകാരമുള്ള മുഴുവൻ ചെലവുകളും ചുവടെ ചേർക്കുന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

മേജർ 2235-സാമൂഹ്യക്ഷേമവും, സുരക്ഷിതത്വവും, സബ്മേജർ 02-സാമൂഹ്യക്ഷേമം, മൈനർ 93 - സാധുഭവനങ്ങൾ, യാചകകേന്ദ്രങ്ങൾ മുതലായവയ്ക്കുള്ള ധനസഹായം (നോൺ പ്ലാൻ)

ഗ്രാന്റ് വിനിയോഗം സംബന്ധിച്ചുള്ള രജിസ്റ്ററുകളും കണക്കുകളും കൃത്യമായി സൂക്ഷിക്കേണ്ടതും ആയത് അക്കൗണ്ടന്റ് ജനറൽ, ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ് തുടങ്ങിയ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന വിനിയോഗ സർട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ വകുപ്പിനും അക്കൗണ്ടന്റ് ജനറലിനും യഥാസമയം ലഭ്യമാക്കേണ്ടതിനും നഗരസഭകൾക്ക് നിർദ്ദേശം നൽകുന്നു. ഈ നിർദ്ദേശം ബന്ധപ്പെട്ട കോർപ്പറേഷൻ / നഗരസഭാ സെക്രട്ടറിമാർ നടപ്പാക്കുന്നുണ്ടെന്ന് നഗരകാര്യ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എ .പി .എം . മുഹമ്മദ് ഹനീഷ്
ഗവണ്മെന്റ് സെക്രട്ടറി (നഗരകാര്യം )

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം / കൊച്ചി / കോഴിക്കോട്.
സെക്രട്ടറി, നഗരസഭ കൊച്ചി /തൃപ്പൂണിത്തുറ/പാല /കോട്ടയം /തൃശ്ശൂർ /അടൂർ/ഗുരുവായൂർ
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ , കൊല്ലം / കൊച്ചി / കോഴിക്കോട്.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ / എൽ.ബി.എ.&എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ , സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് / സാമൂഹ്യനീതി വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ